# മലയാളിയും മലയാള നാടും അന്നും ഇന്നും

**ജോയി ചക്കുപുരയ്ക്കൽ, ചങ്ങനാശേരി**

മലയാള ഭാഷ സംസാരിക്കുന്നവരുടെ നാടാണ് മലയാളനാട്. തെക്ക് പാറശാല മുതൽ വടക്ക് ഗോകർണ്ണം വരെയും കിഴക്ക് സഹ്യപർവ്വതം മുതൽ പടിഞ്ഞാറ് അറബിക്കടൽ വരെയും നീണ്ടു നിവർന്നു കിടക്കുന്ന ഭൂപ്രദേശമാണ് മലയാളക്കര. വടക്കും തെക്കുമുള്ളവർ മലയാളം നീട്ടിയും കുറിക്കിയും വേഗതയിലും വ്യത്യസ്ത പ്രത്യേകതകളോടെയാണ് സംസാരം എങ്കിലും ലിപി ഒന്നുതന്നെ. എഴുതുന്നതുപോലെ ശുദ്ധമായ മലയാള ഭാഷ കൈകാര്യം ചെയ്യുന്നതു മധ്യകേരളത്തിലുള്ളവരാണ്.

ഇന്ത്യ എന്ന മഹത്തായ രാജ്യത്തിന് വിലമതിക്കാനാവാത്ത പല വലിയ സംഭാവനകളും മാതൃകകളും സമ്മാനിച്ച സംസ്ഥാനമാണ് കേരളം. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഭിന്നമായ മേന്മയേറുന്ന ഒരുപാടു ഗുണഗണങ്ങളുടെ വിളനിലമാണ് കേരളം. ഇന്നലെകളിൽ ഈ നാട് അസംഖ്യം ചരിത്ര സംഭവങ്ങൾക്ക് സാക്ഷിയായതാണ്. മലയാളനാടിന്റെ ഗന്ധം വേണ്ടുവോളം അനുഭവിച്ചറിഞ്ഞവർ നല്ല പെരുമാനങ്ങളോടും സ്നേഹബഹുമാനാദികളോടും സഹിഷ്ണുതയോടും കൂടി ജീവിച്ചിരുന്നവരാണ്. ആരോഗ്യ സംരക്ഷണം, മതസൗഹാർദ്ദം നൂറു ശതമാനം സാക്ഷരത, സാഹിത്യ സംസ്കാര മേഖലകളിൽ മാതൃക, മാനവീകതയിൽ ഊന്നിയ ജീവിത ദർശനം ആദിയായ നവോത്ഥാനാദർശങ്ങൾ വച്ചു പുലർത്തിയിരുന്നവരാണ് ഇവിടെ ജീവിച്ചിരിക്കുന്നത്. കേരവൃക്ഷങ്ങൾ തിങ്ങിയ ഹരിതാഭ പകരുന്ന ഈ നാടിന് പ്രകൃതിഭംഗിയിൽ ഒന്നാം സ്ഥാനമാണുള്ളത്. നദികളും അരുവികളും മലകളും നിറഞ്ഞ മനോഹരമായ നാട്. ആരെയും ആകർഷിപ്പിക്കുന്ന പച്ചവിരിച്ച നെൽപാടങ്ങൾ. എല്ലാം പ്രകൃതി കനിഞ്ഞു നൽകിയ സൗന്ദര്യ ശോഭകൾ. വിദേശികളെ വല്ലാതെ ഹരം പിടിപ്പിക്കുന്ന നാട്. മലയാള നാട് നമ്മുടെ സ്വന്തം നാട്. നമ്മൾ കേരളീയരാണെന്ന അഭിമാന ബോധം നമുക്കെല്ലാവർക്കും ഉണ്ട്. ആ നന്മയുടെ വീക്ഷണം എന്നും നിലനിൽക്കട്ടെ.

പല നാട്ടുരാജ്യങ്ങൾ ഒന്നായി ചേർന്നതാണ് മലയാളനാട്. തിരുവിതാംകൂറും കൊച്ചിയും മലബാറുമായിരുന്നു പ്രധാന നാട്ടുരാജ്യങ്ങൾ. പണ്ട് ഇവിടെ രാജഭരണം നിലനിന്നിരുന്നു. ഈ നാട്ടുരാജ്യങ്ങൾ ലയിച്ച് കേരളമായി. പിന്നീട് ജനാധിപത്യ ഭരണമായി. ജനകീയ സർക്കാരുകൾ മാറിമാറിവന്നു. ഈ സർക്കാരുകൾ പലപല പരീക്ഷണങ്ങളും പരിഷ്കാരങ്ങളും നാട്ടിലുണ്ടാക്കി. പക്ഷെ വികസന മേഖലകളിൽ മുന്നേറാൻ സാധിച്ചില്ല. അദ്ധ്വാനശീലരായ മലയാളി ജനത മലയോര മേഖലകളിലേക്ക് കുടിയേറി കൃഷി ആരംഭിച്ചു. സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കി. എന്നാൽ ഒട്ടുമിക്കവരും

കാർഷികവൃത്തിയോട് ആഭിമുഖ്യം കാണിച്ചില്ല. പകരം പലരും ജോലി തേടി ലോകത്തിന്റെ നാനാഭാഗത്തേക്കും പുറപ്പെട്ടു. ഭൂമുഖത്ത് മനുഷ്യവാസമുള്ളിടത്തെല്ലാം മലയാളികൾ ചെന്നുപറ്റി ജീവിക്കുന്നു. മലയാളികളുടെ അദ്ധ്വാനശീലം മറ്റു രാജ്യക്കാർക്കും ഗുണം ചെയ്തു. അതിന്റെ ഫലമായി സാമ്പത്തിക പുരോഗതി നാടിനും വീട്ടുകാർക്കും ലഭിച്ചു. എന്തുതരം തൊഴിലിൽ ഏർപ്പെടുന്നതിനും മടി കാണിക്കാതെ എല്ലാവരെയും സന്തോഷിപ്പിച്ച് ജോലിയിൽ നിലനിൽക്കാനുള്ള മലയാളിയുടെ മിടുക്ക് ഒന്ന് വേറെ തന്നെയാണ്. എത്ര ഭാഷ പഠിക്കാനും എത്രകഠിനമായ സാങ്കേതിക പ്രശ്നങ്ങളും കൈകാര്യം ചെയ്ത് ഉന്നതങ്ങളിൽ എത്തിച്ചേരാനുള്ള സാമർത്ഥ്യം മലയാളിക്കു സ്വന്തം ഏത് പ്രതികൂല കാലാവസ്ഥകളെയും പ്രതിസന്ധികളെയും തരണം ചെയ്ത് ജീവിക്കുവാൻ അവന് കഴിവുണ്ട്. വൃത്തിയും വെടിപ്പും മലയാളിയുടെ മുഖമുദ്രയാണ്.

പൊതുവേ കേരളീയ സ്ത്രീപുരുഷൻമാർ ശുചിത്വവും സൗന്ദര്യവും സൗന്ദര്യ ബോധവുമുള്ളവരാണ്. കാലം പുരോഗമിച്ചതോടെ അവരുടെ ജീവിത വീക്ഷണങ്ങളിൽ സമൂലമാറ്റങ്ങൾ വന്നുചേർന്നു. വേഷത്തിലും ഭാവത്തിലും ആകെ മാറ്റങ്ങളായി. റൗക്കയും മുണ്ടും, ബ്ലൗസും സാരിയും, സെറ്റുംമുണ്ടും, ചട്ടയും മുണ്ടും ആദിയായ പരമ്പരാഗത വേഷങ്ങൾ ധരിച്ചിരുന്ന മലയാളി മങ്കമാർ ക്രമേണ മാറി ചിന്തിച്ചുതുടങ്ങി. ജീവിത സൗകര്യങ്ങൾക്ക് അനുസൃതമായി വടക്കേ ഇന്ത്യയിലെ വേഷമായ ചുരിദാർ ഇഷ്ടവേഷമായി കണക്കാക്കി ഒട്ടുമിക്കവരും ഇന്നു ഉപയോഗിക്കുന്നു. ആടയാഭരണ ങ്ങൾക്കും സൗന്ദര്യ വർദ്ധക വസ്തുക്കൾക്കും യാതൊരു മടിയും കൂടാതെ പണം ചിലവഴിക്കുന്നു.

വിദേശരാജ്യങ്ങളിലേക്കു ഉള്ള വിദ്യാസമ്പന്നരുടെ ഒഴുക്ക് കേരളീയരുടെ സാമ്പത്തിക സ്ഥിതി ഉയർത്തിയെങ്കിലും നാട്ടിൽ നിലനിന്നിരുന്ന തൊഴിൽ സംസ്കാരവും പ്രതിബദ്ധതകളും നഷ്ടപ്പെട്ടു. സാമ്പത്തികനേട്ടം ഉണ്ടാക്കിയവർ കൂറ്റൻ ബംഗ്ലാവുകൾ പണിതുയർത്തി ആർഭാടങ്ങളിൽ മുഴുകി ജീവിക്കുന്നു. എന്നാൽ കാർഷികമേഖലക്ക് ശക്തിപ്രാപിച്ചില്ല. ജീവിതാവശ്യങ്ങൾക്കുള്ള അരിക്കും പച്ചക്കറിക്കും പലചരക്കു സാധനങ്ങൾക്കുംവേണ്ടി ഇപ്പോഴും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. നാട്ടിലെ കൃഷിപ്പണിക്കും മറ്റു കഠിനാദ്ധ്വാനം ആവശ്യമുള്ള പണികൾ ചെയ്യാൻ ആളില്ലാതായി. മലയാളി വൈറ്റ് കോളർ ജോലി മാത്രമേ ചെയ്യൂ എന്ന വാശിയിലാണ്. അതുകാരണം ബംഗാളിയും ബീഹാറിയും ആദിയായ മറ്റു സംസ്ഥാന തൊഴിലാളികളെ ആശ്രയിക്കേണ്ടിവരുന്നു. അന്യസംസ്ഥാനക്കാരുടെ ബാഹുല്ല്യവും അവരുടെ ജീവിത ശൈലി, സംസർഗ്ഗങ്ങളുടെ അതിപ്രസരവും മൂലം മലയാളനാടിന്റെ സംസ്കാരതനിമ നഷ്ടപ്പെട്ടു.

മലയാളിയുടെ ഭക്ഷണശീലങ്ങളിലും മാറ്റം വന്നു. വിദേശത്ത് പോയി വന്നവരുടെ ആഗ്രഹപ്രകാരമുള്ള ആഹാരപദാർത്ഥങ്ങളാണ് ഇന്ന് ഇവിടെ കടകളിൽ പോലും വിൽക്കപ്പെടുന്നത്. ഇറച്ചിയും മീനും മുഖ്യ ആഹാരമായതോടെ സസ്യാഹാര പ്രിയരുടെ ജീവിതം ദുർഘടമായി. വറുത്തതിനും പൊരിച്ചതിനുമാണ് ഏറെ പ്രിയം. സാധാരണ ക്കാരുടെ വരുമാനം അനുസരിച്ച് ജീവിക്കുവാൻ അവർക്ക് പറ്റാതാകുന്നു. മലയാളി പൊതുവേ മധുരപ്രിയരാണ്. ഇന്നത്തെ അമിതമായ മധുരസേവമൂലം ഒട്ടുമിക്കവരും ജീവിതശൈലിരോഗങ്ങൾക്ക് അടിമകളാണ്. പ്രഷറും, ഷുഗറും കൊളസ്ട്രോളും ഇല്ലാത്തവർ കുറവാണ്. ഇളം തലമുറക്കു ഭക്ഷണ ചിലവിനേക്കാൾ മരുന്നിനും ചികിത്സകൾക്കും വലിയ തുക വേണ്ടി വരുന്നു. മദ്യത്തിന്റെ അതിപ്രസരത്തോടെ മലയാളി എല്ലാം മറന്നു ജീവിതം ആസ്വദിച്ചു തള്ളി നീക്കുന്നു. ഇളംതലമുറക്കു മദ്യാസക്തി കൂടി വരുന്നു. ആരോഗ്യസംരക്ഷണത്തിൽ മലയാളി അലംഭാവം കാട്ടുന്നതിനാൽ രോഗികളുടെ എണ്ണം കൂടിവരുന്നു.

ഐ.റ്റി. മേഖല വളർന്നു പന്തലിച്ചതോടെ പുതിയ തലമുറയിലെ ഒരുപാടു ദമ്പതിമാർ ജോലിതേടി അന്യരാജ്യങ്ങളിലേക്കു കുടിയേറുന്നതോടെ പ്രായംചെന്ന മാതാപിതാക്കളുടെ സംരക്ഷണവും ശുശ്രൂഷയും അവതാളത്തിലാകുന്നു. വിദേശ മലയാളി കുടുംബത്തിലെ പിൻതലമുറകാർക്ക് മലയാള ഭാഷ വശമില്ലാത്തതിനാൽ വല്യപ്പന്റെയും വല്യമ്മയുടെയും സ്നേഹബന്ധങ്ങളുടെ ആഴവും തനിമയും മനസ്സിലാക്കാൻ പറ്റാതെപോകുന്നു. വല്ലപ്പോഴും നാടുകാണാൻ വരുന്നവർക്കു നമ്മുടെ പൂർവ്വിക സംസ്കാരം, ആചാര്യമര്യാദകൾ, കുടുംബ ബന്ധങ്ങളെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ തലമുറകളിലൂടെ കൈമാറിയ വിശ്വാസതത്വസംഹിതകൾ എന്നിവയെപ്പറ്റി യാതൊരറിവും കിട്ടുന്നില്ല. വിദേശരാജ്യത്തെപ്പോലെ വൃത്തിയും വെടിപ്പുമില്ലാത്ത ഗ്രാമീണാന്തരീക്ഷങ്ങൾ ചൂടുള്ള കാലാവസ്ഥ-പാറ്റ-പല്ലി-കൊതുക്-ഈച്ച എന്നീ പ്രാണികളുടെ ശല്യം എന്നീ കാരണങ്ങളാൽ നാട്ടിലെ അന്തരീക്ഷത്തോട് യോജിച്ച് പോകാൻ ഇവർക്ക് സാധിക്കാറില്ല. എന്നാൽ അപൂർവ്വം കുട്ടികൾ പാരമ്പര്യ തനിമ വലിയ ഭാഗ്യമായി കരുതിപ്പോരുന്നവരുമുണ്ട്.

കലാ സാംസ്കാരികവേദികളിലും കായിക മേഖലകളിലും മലയാളി ഉന്നത നിലവാരം പുലർത്തിപ്പോരുന്നവരാണ്. പ്രഭാഷണ സാഹിത്യ വിമർശന മണ്ഡലത്തിൽ മഹാനായ സുകുമാർ അഴീക്കോട് തിളങ്ങിയിരുന്നു. സാഹിത്യരംഗത്ത് ഉള്ളൂർ, കുമാരനാശാൻ, വള്ളത്തോൾ, എസ്.കെ.പൊറ്റക്കാട്, കാരൂർ, മാധവിക്കുട്ടി, ലളിതാം ബിക എന്നിവരും ജി.ശങ്കരകുറുപ്പ്, എം.റ്റി.വാസുദേവൻ നായർ, ഒ.എൻ.വി.കുറുപ്പ്, സുഗതകുമാരി, കാക്കനാടൻ, മുകുന്ദൻ, സക്കറിയ എന്നിവർ മലയാള സാഹിത്യത്തിനു വിലപ്പെട്ട സംഭാവനകൾ നൽകിയവരാണ്.

ഇന്ത്യൻ സിനിമാരംഗത്ത് കേരളം നൽകിയ വിലപ്പെട്ട സംഭാവനകൾ ഏറെയാണ്. ഇന്ത്യയിലെ ഏറ്റവും മികച്ച സിനിമക്ക് നൽകുന്ന "സ്വർണ്ണമയൂരം" എന്ന ബഹുമതി പല സിനിമകൾക്കും ലഭിച്ചിട്ടുണ്ട്. കലാമൂല്യമുള്ള സിനിമകൾ കേരളത്തിന് അന്തർദേശീയതലത്തിൽ നിരവധി അംഗീകാരങ്ങൾ നേടികൊടുത്തിട്ടുണ്ട്. എന്നാൽ വർത്തമാന കാലഘട്ടത്തില ഈ ശ്രേഷ്ഠതയുടെ വർണ്ണ പൊലിമ നമുക്കു നഷ്ടപ്പെട്ടു, കുടുംബജീവിതത്തിൽ ഇരുട്ടുകൾ നിറഞ്ഞു. കുടുംബങ്ങളിലെ ഊഷ്മളത കുറഞ്ഞു. മാതാപിതാക്കൾ വാർദ്ധക്യത്തിൽ മക്കൾക്ക് ബാധ്യതയായി. അവരെ വൃദ്ധസദന ങ്ങളിൽ ആക്കുന്നത് ഇന്ന് ഒരു ഫാഷനായി തീർന്നു. പലരുടെയും കുടുംബന്ധങ്ങൾ തകർന്നു. വിവാഹമോചനം ഒരു ദുർസ്ഥിതിയായി കേരളത്തിൽ തുടരുന്നു. മലയാളി യുടെ ആധുനിക ജീവിതശൈലിയിൽ അവന് ഒന്നിനും സമയം തികഞ്ഞുപറ്റുന്നില്ല. ടി.വി., ഇന്റർനെറ്റ്, വാട്ട്സ്ആപ്പ് എന്നിവയിലാണ് ഇളംതലമുറയുടെ കമ്പം. എല്ലാവർക്കും കാറും സ്കൂട്ടറും ഏറെ ഇഷ്ടം. ഇവയുടെ ബാഹുല്യം നിമിത്തം റോഡിൽ ഇറങ്ങി നടക്കാൻ പറ്റുന്നില്ല. റോഡുകൾക്ക് വേണ്ടത്ര വീതിയോ സൗകര്യങ്ങളോ ഇല്ല. എല്ലാം റോഡുകളും പൊട്ടിപൊളിഞ്ഞു കിടക്കുന്നതുമൂലം അപകടമരണങ്ങൾ നിത്യ സംഭവങ്ങളാകുന്നു. വാഹനങ്ങൾക്കു പാർക്കിംഗ് സൗകര്യം ഇല്ല. പുതിയ റോഡുകൾ ഉണ്ടാവുന്നുമില്ല. ആരെയും കുറ്റം പറഞ്ഞിട്ടുകാര്യമില്ല. സർക്കാർ കാര്യങ്ങൾ മുറപോലെ മാത്രമേ നടക്കൂ.

കേരളത്തിൽ സർക്കാർ വാർദ്ധക്യ പെൻഷനും വിധവാപെൻഷനും തൊഴിലില്ലാ വേതനങ്ങളും മുറയ്ക്കു നൽകുന്നതിനാൽ പട്ടിണി മരണം ഉണ്ടാവുന്നില്ല. എങ്കിലും ഉള്ളവരും ഇല്ലാത്തവരും മതസൗഹാർദ്ദത്തോടെ മലയാളനാട്ടിൽ ജീവിച്ചുപോകുന്നു. ചികിത്സാരംഗത്ത് ആയൂർവ്വേദവും തിരുമ്മു ചികിത്സ-കളരി ചികിത്സ-ആദിവാസി ചികിത്സ എന്നിവ വേണ്ടത്ര പ്രചാരത്തോടെ മുന്നോട്ടു പോകുന്നു. കഥകളി, തെയ്യം, തിരുവാതിര എന്നീ കലാപ്രസ്ഥാനങ്ങൾക്ക് വേണ്ടത്ര പ്രചാരം നാട്ടിൽ കിട്ടുന്നുണ്ട്. കേരളത്തിന്റെ തനത് വ്യവസായമായ കയറിനും ഉൽപ്പന്നങ്ങൾക്കും നല്ല മാർക്കറ്റ് കിട്ടുന്നു. കശുവണ്ടിപ്പരിപ്പ് വ്യവസായം പഴയതുപോലെ മുന്നോട്ടു പോകുന്നില്ല.

കേരളത്തിന്റെ പഴയ ആചാര മര്യാദകളും, കലാസാംസ്കാരിക പാരമ്പര്യങ്ങളും അതിന്റെ തനിമയിൽ നിലനിർത്തണമെങ്കിൽ പുതിയ തലമുറ ഇവയ്ക്കെല്ലാം വേണ്ട പ്രാധാന്യവും അഭിരുചിയും നൽകി പ്രോത്സാഹിപ്പിക്കേണ്ടത് ഓരോ മലയാളിയുടെയും കടമയാണെന്ന ബോധ്യം നമ്മെ നയിക്കട്ടെ.